# മയിൽപീലി താളുകൾ



# എന്റെ വിദ്യാലയം



കുട്ടുകാരെ,

ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കീഴാറൂറിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ സംരംഭമാണ് ഡിജിറ്റൽ മാഗസിൻ. ലിറ്റിൽ കൈറ്റ്സിലെ കുട്ടികളുടെ ആക്റ്റിവിറ്റികളും സാഹിത്യ സൃഷ്ടികളും ഉൾപ്പെടുത്തിയാണ് മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്. ഇത്തരമൊരു സംരംഭത്തിനു പിന്തുണ നൽകിയ എച്ച്.എം സലോമി ടീച്ചറോടുള്ള നന്ദി രേഖപ്പെടുത്തുന്നു. ഇതിനു വേണ്ട മറ്റെല്ലാവിധ സഹായങ്ങളും നൽകിയ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഈ അവസരത്തിൽ സ്മരിക്കുന്നു. ഈ സംരംഭത്തിൽ ഞങ്ങളുടെ ഭാഗത്തു നിന്നും വന്നു പോകാവുന്ന വീഴ്ചകൾ ക്ഷമിക്കുമെന്ന പ്രതീക്ഷയോടെ നിങ്ങളുടെ മുന്നിൽ ഈ മാഗസിൻ സമർപ്പിക്കുന്നു.

**എഡിറ്റർ** 2

# ആശംസ

കീഴാറ്റൂർ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുന്നു.

പിന്നിൽ പ്രവർത്തിച്ചവർ

അജിൻ റസ്സൽ ആർ.എസ്

ആഷിക്ക് എസ്.എസ്

അന കൃഷ്ണൻ ആർ.എസ്

അനജ ജോസ്

വൈശാഖ് ബി.കെ

വിജയ ലക്ഷമി എസ്.എസ്

ആതിര എസ്.ബി

വിജിത ജെ.ബി

നിഥിൻ ആർ.എസ്

അഭിനവ് മോഹൻ

രാഹുൽ കൃഷ്ണൻ ആർ

അജിൻ എ.എസ്

അഭിനവ് എമ്.ആർ

എബി ജോസ് എ

സുബിൻ എസ്

അബിൻ എ

അജൽ ബി. എസ്

അബിഷേക് രാജൻ

ദിവ്യ ജെ. എസ്

അലീന ആർ. എസ്

ഐശ്വര്യ എ. എസ്

ആർദ്ര എസ്

ജിഷ്ണ ജെ.കെ

രോഹിത് ആർ.ഡി

ദേവിക എൽ.ബി

അനന്ദു എ

ബിനോയ് രാജ്.എമ്

അമൽ കൃഷ്ണ എമ്.എസ്

നിരഞ്ചൻ എസ്.കെ

എലൈജ ബൻ രാജ് എ.ജെ

ആരോമൽ എസ്

# ഉള്ളടക്കം


1.A KITTEN

2.സ്ത്രീസത്യമാണ്

3.മലയാളം പഴഞ്ചൊല്ലുകൾ

4.കേരളീയ കലകൾ

5.LION AND MAN

6.കർഷകാ നീയാണ് സത്യം

7. G.K.

8.അമ്മയുടെ കരുതൽ

9.കഥകളി

10.മഴ

11.നിർഭയം നിൻ ജീവിതം

12.PLASTIC

13.ഒറ്റപ്പെടലിൽ ഒരു കൈതാങ്ങ്

14.ജീവനായ് കരുതുന്ന വൃക്ഷം

15.കടലാസു തോണി

16.വേനൽ കെടുതി

17.നവയുകമെ

18.എന്തിന് മഴയീ ക്രൂരത

19.സ്മരണ

20.ഭിക്ഷയായ് കിട്ടിയ ജീവീതം

21.ശ്വാനൻ വികൃതികൾ

22.വികൃതമാം കേരളമുഖം

23.IMPORTANT DAYS

24.സ്കൂൾ തല പ്രവർത്തനങ്ങൾ

# A KITTEN

A KITTEN
A kitten
A good kitten
A kitten,A kitten
A white kitten [2]



come and drink the milk
If I found , they will flee
A cute kitten,
The kitten in my house [2]
[A kitten]

jumping and playing,
play with me, my kitten [2]
my cute and beautiful kitten
the kitten in my house [2]

സ്വാർത്ഥമാം ജീവിതത്താളുകളിൽ ഞാൻ
അറിയാതെ കുത്തിക്കുറിച്ചു പോകേ
ശ്രീയായ സ്ത്രീയിന്ന് ഒറ്റപ്പെടുന്നുവോ
പകലിനെ വരവേൽക്കും വാർത്തയല്ലോ



ഭയമിന്നു കൂടെപ്പിറപ്പാകവേ
ജീവിതം പാതിയിൽ അറ്റുപോകേ
ചങ്കു പൊള്ളിക്കുമീ അനുഭവങ്ങൾക്കിന്നും
അറുതി വരാത്തതും കഷ്ടമല്ലേ


പെൺ മനസ്സറിയാത്ത കാബാലികർ
ഇന്നുമീ ലോകത്തു പതിയിരിക്കേ
സ്ത്രീയെ അബലയായ് കാണുന്ന മാനുഷാ
**സ്ത്രീയെന്നും നന്മയെന്നോർക്കവേണം**

ഭയക്കും മനസ്സുകൾ ഏറെയാണെങ്കിലും
അനർത്ഥങ്ങൾക്കിന്നും ഒടുക്കമില്ല
പെറ്റമ്മതൻ മാറിൻ മധുരം നുകർന്നവർ
ഈ വിധം ക്രൂരത കാട്ടിടുമോ

പെണ്ണിൻ മനസ്സുപോൽ സർവ്വം സഹിക്കുന്ന

- **ആരുണ്ട് നമ്മുടെ പാരിൽ**

അനർത്ഥങ്ങൾക്കിന്നും ഒടുക്കമില്ല
പെറ്റമ്മതൻ മാറിൻ മധുരം നുകർന്നവർ
ഈ വിധം ക്രൂരത കാട്ടിടുമോ


പഴഞ്ചൊല്ലിൽ പതിരില്ല
അനുഭവമാണ് മഹാഗുരു!
അടി തെറ്റിയാൽ ആനയും വീഴും!
അരി എത്ര? പയർ അഞ്ഞാഴി!
അക്കരെയൊട്ടു പോയതും ഇല്ല, ഇക്കരെയൊട്ടു നിന്നതും ഇല്ല!
അക്കരെ നിന്നാൽ ഇക്കരെ പച്ച!
അറിയാത്ത പിള്ളക്ക് ചൊറിയുമ്പോൾ അറിയും.
അങ്ങാടിയിൽ തോറ്റതിനു അമ്മയുടെ പുറത്തു!
അങ്കവും കാണാം താളിയും ഒടിയ്ക്കാം!
അഞ്ചനം എന്നാൽ എനിക്കറിയാം, മഞ്ഞള് പോലെ വെളുത്തിരിക്കും!
അടി കൊള്ളാൻ ചെണ്ടയും പണം പറ്റാൻ മാരാരും!
അട്ടയെ പിടിച്ചു മെത്തയിൽ കിടത്തിയാൽ അതു കിടക്കുമോ?
അട്ടയെ പിടിച്ചു മെത്തയിൽ കിടത്തിയാലും, അതു പോകും കുപ്പ കുഴിയിൽ!
അമ്മയ്ക്കു പ്രാണ വേദന, മകൾക്കു വീണ വായന!

# കേരളീയ കലകൾ







Lion and man



once upon a time there was a man lived in a jungle .his name is rahul. He was a tribal man. He lived beautiful in jungle. One day a big problem came to the village that is the village was on the attack of other village.  Everyone one was deafeated on the that attack but rahul only one man who escaped from that problem but his foot and body was at injured and he was hide from his eneamy .

at that time he go deep to the forest two days after the third day he was seen a hungry lion .rahul thought that his life were end . But lion cleaned the wounds . And helped manin his way .at last they both become good friends. One day the man was seen his eneamy and he fight with them they attack rahul. The king ordered to soliders that push him to that lion next .

He was suprised the earlier lion was on that he looked his foot it was injured he clean it last the king became so happy.and the land was give back to him.

Written
by
anukrishnan r.s
**9.c 10**

**കർഷകാ നീയാണു സത്യം**

മണ്ണിലും പൊന്നു വിളയിക്കും കർഷകാ



നിന്നെ നമിക്കുന്നു കൂപ്പുകയ്യാൽ
പൊരിവെയിൽ കൊണ്ടവൻ ഒരു നേരമന്നം
കഴിക്കുവാനായി ശ്രമിച്ചിടുമ്പോൾ

ഭൂമിതൻ മാറിൽ വേരുറപ്പിച്ച കൊ-
ണ്ടാഞ്ഞു വെട്ടുന്ന വിളവിനായി
അടിമണ്ണും വെട്ടിത്തെളിക്കുമ്പൊഴും  സദാ
ഭൂമിയെ സ്നേഹിക്കും മനസുമാത്രം

വിയർപ്പിൻ കണികകൾ ചാലിട്ടൊഴുകുന്ന
മണ്ണും നനഞ്ഞിടും മനസ്സുപോലെ
ഉമ്പക്കിടയിലെ മണ്ണു മാറ്റീടുന്ന
വിശ്രമതുല്യമാം നിമിഷനേരം

ഓരോ വിളവും അടർത്തിമാറ്റുമ്പോഴും
മനസും നിറയുന്ന ആനന്ദത്താൽ
സ്വന്തം വിശപ്പുമറക്കുന്ന ജീവിതം
ധന്യമാക്കീടുന്ന മണ്ണിലാകെ

എൻ പിതാവും ഒരു കർഷകനാണെ-
ന്നഭിമാനപൂർവ്വം ഞാൻ ചൊന്നിടുന്നു
ഞാനൊന്നു പറയട്ടെ സന്തോഷപൂർവ്വം
കർഷകാ നീയാണു സത്യം

1, which is the largest fresh water lake
superior
2, what is the name of the american space agency
NASA
3, largest organ  in human body
skin
4, who was [charaka]
physician
5, THE first peshwa
balaji viswanth
6, the river known as dakshina ganga
kaveri
7,the river know as sorrow of bengal
gangothri
8, which planet is hotest
mercury
9, india first  atomic reactor
apsara
10, surface to surface missile of india
agni
11, how many chapters or suras does the korn havr
114
12, the capital of ruanda
kigali
13, the largest desert in the world
sahara
14, ful form of wcc
write control character
15,eden garden is located which place
kolkata
16, flag day is clebrate on
december 7

# അമ്മയുടെകരുതൽ

അമ്മയുടെ ഇഷ്ടം തെജിച്ച്കൊണ്ടെന്നെ

വളർത്തിവലുതാക്കിയൊരുകാലം

ചോരും പാലും തന്നുകൊണ്ടെന്നെ

വളര്ത്തി വലുതാക്കിയൊരു കാലം

വളർന്നു വലുതായപോൾ അമ്മയൊരുശല്യമായ്

വൃദ്ദസധനം അഭയമാക്കി

അമ്മയെ കാത്തില്ല,ഞാനും നശിച്ചുപോയി

ഞാൻ ചെയ്ത തെറ്റിന്റെ ശിക്ഷ

അമ്മയുടെ സ്നേഹംതിരിച്ചറിയാതെപോയി

അതെന്നുടെ തെറ്റായിപോയി

BY;
LEKSHMI JAYAN.B
**5:B**





# കഥകളി

ഒരു കേരളീയ ദൃശ്യകലയാണ്

കഥകളിനാട്യംനൃത്തംഎന്നിവയെർ

ആംഗികചലനങ്ങൾ

ആടയാഭരണങ്ങൾ എന്നീ

അഭിനയോപാധികൾ

അവതരിപ്പിക്കുന്ന ഒരു സവിശഷ

കലാപ്രസ്ഥാനമാണ് കഥകളി

# മഴ

മുത്തുചിതറുംപോലെപാറിവന്നു
രാസന്ധ്യയിൽകുടകൾചൂടി
നാംനീങ്ങവെകരിമുകിൽ
ഗഗനസീവയോരംനൃത്തം
ചെയ്യുവോ?
തുമ്പികൈവണ്ണമെത്തും
തുള്ളികളായ് പേമാരി
പെയ്യെ
കാലവർഷറാണി
വീണ്ടുംനീചിലങ്ക
കൊട്ടിസംഹാര
താണ്ഡവമാട്ടുകയാണോ
നിന്റെലോലഭാവം
ഇന്നില്ലല്ലോ
നീഇന്ന് രൗദ്ര
ഭാവത്തിൽഎന്തെനിൽപ്പൂ



ഉറ്റുനോക്കുന്നനിൻ കണ്ണുകളിൽ ഞാനിന്നു
കാണുന്നു ഭീതിതൻ കരിനിഴലുകൾ
ഭാരതത്തിൻ കഥകളറിയുന്നുവോ നീ
മാനുഷർക്കിടയിലെ കദനങ്ങളും

നീലവിഹായസ്സു കീഴടക്കിക്കൊണ്ടു
പാറുന്നതല്ലേ നിത്യവും നീ
അല്ലയോ രാപ്പാടി പാടുന്നതെന്തിന്
നിൻ മേനി ഇത്ര വിറയ്ക്കുന്നതെന്തിന്

നിൻ കണ്ണിൽ തെളിയുന്ന ഭീതിയും സർവ്വതാ
എൻ കാതിൽ കേൾക്കും നിൻ നിലവിളിയും
എന്തേ നീയിങ്ങനെ മൂകയായി കിളീ
നിൻ അർദ്ധജീവൻ നിലച്ചുപോയോ

ഏകാന്തത നിന്റെ കൂടപ്പിറപ്പോ
എന്തേനിൻ ഹൃദയം പിടയ്ക്കുന്നുവോ
മജ്ജയും മാംസവും ലഹരിയായി മാറ്റിയ
മാനുഷ ജീവനെ കണ്ടുവോ നീ

പാറിപ്പറന്നങ്ങു രക്ഷ നേടാനായി
ചിറകുകളുള്ളൊരു രാപ്പാടി നീ
ചിറകറ്റു പോയെത്ര രാപ്പാടികൾ അന്നു
ജീവനായ് മുറവിളി കൂട്ടിയില്ലേ

രാക്കിളീ നീയിന്നു ഭയത്താൽ വിഹീനയായ്
മുറവിളി കൂട്ടുവാൻ കാര്യമെന്തേ ചൊല്ലൂ
രാപ്പാടി നീയൊരു പെൺകിളിയേ അതോ
നിൻ പേര് സൗമ്യയോ നിർഭയയോ

# PLASTIC



*Plastics* are typically organic polymers of high molecular mass and often contain other substances. They are usu
derived from petrochemicals, however, an array of variants are made from renewable materials such as polylacti
cotton linters.

**To summarize, there are 7 types of plastic exist in our current modern days:**

- 1 – Polyethylene Terephthalate (PET or PETE or Polyester) ...
- 2 – High-Density Polyethylene (HDPE) ...
- 3 – Polyvinyl Chloride (PVC) ...
- 4 – Low-Density Polyethylene (LDPE) ...
- 5 – Polypropylene (PP) ...
- 6 – Polystyrene (PS) ...
- 7 – Other.



### ഒറ്റപ്പെടലിൽ ഒരു കൈത്താങ്ങ്

ഓർമ്മതൻ ലഹരിയിൽ ജീവിപ്പതിന്നു ഞാൻ

അനാഥയായിട്ടും തളർന്നതില്ല



നഷ്ടമായ്ത്തീർന്നയെൻ മിഥ്യയാം ജീവിത-
സാഗരം ഒഴുകി മറിഞ്ഞിടുന്നു
ഒറ്റപ്പെടലിന്റ നോവറിഞ്ഞിന്നു ഞാൻ
തോൽക്കുന്നുവോ ഞാനീ ജീവിതത്തിൽ
അമ്മയെ കണ്ടങ്ങു കൊതി തീർന്നില്ല
അച്ഛൻ തൻ  സ്നേഹം നുകർന്നതില്ല

വിട്ടുപിരിഞ്ഞെന്നെ എന്നെന്നേക്കായിതാ
ഓർമകൾ മാത്രമെൻ കൂടെയുണ്ട്
ഒറ്റപ്പെടലിന്റെ വീഥിയിൽ ഏകയായ്
തെരുവോരമിന്നെനിക്കാശ്രയമേ

ക്രൂരമാം കൈകൾ എനിക്കായ് വിതച്ചൊരാ
വിധിയെ മറികടന്നെത്തവേ ഞാൻ
ജീവിതയാനത്തിൽ ധൈര്യം പകർന്നൊരാ
ഓർമകൾ നൽകിയ ജീവിതമേ

വദനങ്ങളിൽ പ്രകാശം പരക്കുന്നിതാ
ജീവിച്ച വിധിയെ ഞാൻ തോൽപിച്ചിതാ
ഇന്നു ഞാൻ ജീവനോടീ പാരിലുണ്ടെങ്കിൽ
ഓർമകളാണെന്റെ ശക്തിയെന്നും

പുഞ്ചിരി തൂകാനും പൊട്ടിക്കരയാനും
ഓർമകൾ നൽകിയ പാടവങ്ങൾ
ഞെട്ടിയുണർന്ന ദിനരാത്രമൊത്തിരി
ഇന്നു ഞാൻ ശാന്തമായ്  മയങ്ങീടവേ
ജീവിതയാനത്തിൽ തളരാതിരിക്കുവാൻ
ഓർമകൾ ഉണ്ടായിരിക്കവേണം
ഇന്നു ഞാനറിയുന്നു ഓർമകൾ തൻ സുഖം
ജീവനെ കാക്കുന്ന കാവലാൾ പോൽ



## ജീവനായ് കേഴുന്ന വൃക്ഷം



ഒരു ജനനമുണ്ടെങ്കിൽ മരണമുണ്ടെന്നാൽ
ഇത്രയും ദുഷ്കരമാണോ അത്
വെട്ടിവീഴ്ത്തപ്പെട്ടും ചില്ലകളോരോന്നും
കണ്ണീരണിയുന്ന ഗാത്രമെല്ലാം

ഏകാന്തതയിലേക്കുറ്റു നോക്കുന്നു
അവസാന ചില്ലയും നൊമ്പരത്താൽ
ജീവിച്ച കൊതിതീരും മുമ്പേയവരുടെ
ജീവനെടുക്കാൻ തുനിയുന്നവർ

ഇത്തിരിക്കാശിനായ് ഒത്തിരി ഗുണമുള്ള
വൃക്ഷങ്ങളെ അവർ കൊന്നിടുന്നു
പാവം മരങ്ങളെ കാർന്നു തിന്നാനെത്തും
വാളും കയറും യന്ത്രങ്ങളും

കേരവൃക്ഷത്തിന്റെ നാടായ കേരളം
താഴ്ച കൊടുക്കുന്നതെന്തിനാണോ
നമ്മൾ തൻ സോദരൻമാരായ വൃക്ഷങ്ങൾ
നമ്മൾ തൻ കൈകൾ കൊണ്ട് തീർന്നീടുന്നു

ഒരു മരം മണ്ണിൽ നിന്നറ്റു വീണപ്പോൾ
നിലയ്ക്കാത്ത ശബ്ദങ്ങൾ  കേൾക്കയായി
ഏകാന്തതയിൽ നിന്നൊരു കൊച്ചു ജീവന്റെ
തേങ്ങലെൻ കാതിൽ പതിക്കയായി

## കടലാസു തോണി



തട്ടിത്തടഞ്ഞു കടന്നു പോകുന്നൊരെൻ
　　കൊച്ചു കടലാസു തോണി
മുറ്റത്തിനപ്പുറം തോട്ടിലൂടെ മുങ്ങിയും
　　പൊങ്ങിയും നീങ്ങിടുന്നു
കാർമേഘത്തേരിൽ നിന്നിറ്റുവീഴും ഓരോ
　　മഴത്തുള്ളിപ്പൈതങ്ങളും
ഭൂമിയെ ചുംബിച്ചു വീണിടുന്നു ഒഴുകി-
　　നടന്നു രസിച്ചിടുന്നു
അതിലൊരു തുള്ളിയെൻ കടലാസു തോണിയെ
　　ആകെ നനച്ചു കുതിർത്തുവല്ലോ
ആ മഴത്തുള്ളിയെ ഊറ്റിയെടുത്തു കൊണ്ടെൻ തോണി
　　വീണ്ടും ചലിച്ചിടുന്നു
അച്ഛനെന്നുടെ പിറന്നാളിനു തന്ന കൊച്ചു-
　　സമ്മാനത്തിൻ പൊതി കൊണ്ടു ഞാൻ
നിർമ്മിച്ചതാണെന്റെ കൊച്ചു തോണി ആ-
　　കൊച്ചു കടലാസു തോണി
ആ കൊച്ചു തോണിപോൽ അവസാനമില്ലാതെ
　　പായുകയാണെന്റെ സ്വപ്നങ്ങളും
എന്നെങ്കിലും അവ യാഥാർത്ഥ്യമാകുമെ
　　　　ന്നതിയായി മോഹിച്ച നിമിഷങ്ങളും
എന്നുടെ തോണി നനഞ്ഞുവല്ലോ
　　പൂർണ്ണമായ് മഴയിൽ കുളിച്ചുവല്ലോ
വെള്ളം നനഞ്ഞ് കുതിർന്ന തോണി
　　വെള്ളത്തിൽ തന്നിതാ മുങ്ങിടുന്നു
ഇതുപോലെയാണെന്റെ ജീവിതവും
　　മിഥ്യയാം ജീവിത സ്വപ്നങ്ങളും
സ്വപ്നത്തിൻ ഫലമെന്ത് ദുഃഖമാണോ

**കടലാസു തോണിപോൽ മുങ്ങിടുമോ ?**

## വേനൽക്കെടുതി





ആരുമില്ലാത്തതാം ഏകാന്ത രാത്രിയിൽ
ഞാനുമെൻ ഹൃദയവും മാത്രമായി
അന്വേഷണാർത്ഥം നിരീക്ഷിച്ച വന്നൊരു
ഭൂമിതൻ ഭംഗി കെട്ടകയായി

വേനലിൻ കാഠിന്യമേറ്റ കൊണ്ടെവിടെയോ
വിങ്ങലിൻ ചെപ്പുതുറക്കുകയായി
കൂടാരക്കെട്ടിലെ പുൽനാമ്പുപോലങ്ങു
സ്വാതന്ത്ര്യമില്ലാതെ മാറുകയായ്

തുള്ളിയ്ക്കുപോലും കുടിനീർ ലഭിക്കാതെ
നെട്ടോട്ടമോടുന്ന നാളിതല്ലോ
വിണ്ടുകീറിപ്പോയ പാടങ്ങളും അതിൽ
കണ്ണീർ കലർത്തുന്ന കർഷകരും

കഠിനമാം ചൂടിന്റെ തടവറയിൽ നിന്നും
ഒരു കാലവും രക്ഷ നേടില്ലത്രേ
എങ്കിലും എവിടെ നിന്നോ ദേവനെപ്പോലെ
ഒരു നല്ല രക്ഷകൻ എത്തുകയായ്

മഴയെന്ന പേരായ ആ കൊച്ചു രക്ഷകൻ
വേനലിൻ തുണയ്ക്കായ് എത്തിയല്ലോ
അങ്ങനെ ഭൂമിതൻ നൊമ്പരകാഴ്ചകൾ
അന്ധകാരത്തിൽ മറയുകയായ്

## നവയുഗമേ



മാലിന്യക്കൂമ്പാരം എവിടെയും കാണാം
ദുർഗന്ധമെങ്ങും പരന്നു നിൽക്കും
പച്ചവിരിച്ചതാം നമ്മുടെ ഭൂമിയെ
ശവകുടീരങ്ങളാക്കിയ നിങ്ങൾ

എത്രയും ക്രൂരരാണെന്ന സത്യം
ഓർക്കുക ഏവരും കൂട്ടുകാരെ
ജലവും മലിനമായ്, മണ്ണു മലിനമായ്
വായുവോ അതിലേറെ വിഷമയമായ്

ഇനിയുമീ ഭൂമിയിൽ ജീവിതം സാധ്യമോ
ഉണരേണ്ടതെന്നത് അനിവാര്യമായ്
പഞ്ചഭൂതങ്ങളാൽ നിർമ്മിതമീ ലോകം
അവയെല്ലാം വംശീയ ഭീഷണിയിലോ ?

താങ്ങും തണലുമായി നിന്നിട്ടും ഭൂമിയി-
ന്നാഗ്രഹിക്കുന്നൊരു കൈതാങ്ങിനായ്
നിക്ഷം കലർന്നയീ ഭൂമിയിന്നത്രയും
അബലയാം സ്ത്രീയായി മാറിയെന്നോ ?

മാലിന്യമെല്ലാം തുടച്ചു നീക്കു
ദുർഗന്ധമെല്ലാം അകറ്റി നിർത്തു
വീണ്ടുമീ ഭൂമിയെ പച്ചവിരിപ്പിച്ച്
സുന്ദരമാക്കു നവയുഗമേ

## എന്തിനു മഴയീ ക്രൂരത



മഴകാത്തു ഞാനെന്റെ വീട്ടുപടിക്കലിൽ
ചോദ്യങ്ങളുമായ് കാത്തിരുന്നു
എന്തേമഴേ നീ വൈകുന്നു ഇത്രയും
മണ്ണിൽ പതിക്കാൻ മോഹമില്ലേ
പെട്ടെന്നൊരിളം കാറ്റ് വന്നുതലോടിപ്പോയ്
മഴ വന്നു മണ്ണിൽ പതിച്ചപ്പോൾ
കളകളനാദമുയർന്നു കൂടെ
മഴക്കിളി വാനിൽ പറന്നു
കാറ്റും മഴയും ഇടിമിന്നലുകളും
തൊട്ടു പുറകെ ഓടിയെത്തി
ഞെട്ടി വിറച്ചു ഞാൻ വീട്ടിനുള്ളിലേക്കോടി
ഓടിയൊളിച്ചു പുതപ്പിനുള്ളിൽ
പിന്നെയും പിന്നെയും ചോദ്യങ്ങൾ മുളപൊട്ടി
എങ്ങനെയുണ്ടാകുന്നു ഇതല്ലാം
ഇടിമിന്നൽ പ്രളയം കേട്ടുകൊണ്ടു ഞാൻ
പുതപ്പിനുള്ളിൽ ഒളിച്ചിരുന്നു
കാറ്റും മഴയും ഇടിമിന്നലുകളും
എന്നിൽ നിന്നും അകന്നുപോയി
മെല്ലെ പുതപ്പിനുള്ളിൽ നിന്നും ഞാനെന്റെ
വീട്ടുപടിക്കൽ വീണ്ടുമെത്തി
കാറ്റില്ല മഴയില്ല ഇടിമിന്നലില്ല
എല്ലായിടങ്ങളും ശാന്തമായി
എങ്കിലും അപ്പോഴും എന്തൊക്കെയോ
നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു
ചെടികളും മരങ്ങളും മണ്ണിൽ തലകുത്തി
ക്കിടക്കുന്ന കാഴ്ചകൾ ദയനീയമാ
എന്തിനീ ക്രൂരത ചെയ്തു മഴയെന്നു
ഞാനറിയാതെ ചിന്തിച്ചു പോയി



## സ്മരണ

കാലം വിതച്ചൊരു കരിനിഴലിലിവിടുത്തെ
ഭാരതീയർ തൻ മനം മുറിഞ്ഞു
തോക്കും തിരയുമായ് പാശ്ചാത്യനായ്ക്കളീ
ഭാരതമണ്ണിൽ കളം വരച്ചു

വിഡ്ഢികൾ മാത്രമായ് ഭാരതീയർ പിന്നെ
ജീവശ്ചവങ്ങളായ് നിന്നു
അവിടെ തണൽ വിരിച്ചെത്തി അഹിംസതൻ
മൂർത്തിമദ്ഭാവം ഗാന്ധി

സംസ്കാരശൂന്യരാം ശത്രുപക്ഷത്തിനു
മുന്നിലെ വാൾമുനയായി
സ്വാതന്ത്ര്യ സമരത്തിനമരനവനിന്നുമാ
ധീരയജ്ഞത്തിന്റെ സ്മരണ

ആർഭാട ജീവിതം വിട്ടൊഴിഞ്ഞിട്ടവൻ
തനതായ സംസ്കാരമേറ്റു വാങ്ങി
അഹിംസയും ചർക്കയും ജീവിതത്തിനുടെ
ഭാഗമായ് മാറ്റിയ ധീര ഗാന്ധി

വിടരാൻ തുടങ്ങിയ പൊൻപ്രഭാതത്തിൽ
സുഗന്ധം പരത്തിയ സൂര്യകാന്തി..........
നിന്നെ നമിക്കുന്നു ആദരിക്കുന്നിതാ
ഭാരത മാനുഷർ സർവ്വരും



**ഭിക്ഷയായ് കിട്ടിയ ജീവിതം**

പൂത്തും തളിർത്തുമൊരു സ്വർണ്ണത്തളിക പോൽ
ആയിരുന്നത്രേ ആ പഴയകാലം
കഷ്ടമേ കഷ്ടമിതു ചൊല്ലുവാൻ തന്നെ നാം
അനുഭവിക്കണമാ സുഖങ്ങളെല്ലാം
എങ്കിലും നാമൊന്നു ചിന്തിച്ചു നോക്കുക
ഭൂമിമാതാവൊരു സ്വർഗ്ഗമായാൽ
സൂര്യന്റെ പുഞ്ചിരി നേത്രങ്ങൾ ദർശിച്ച്
മെല്ലെ മെല്ലെ അവ തുറന്നിട്ടുമ്പോൾ
സൂര്യന്റെ കൈക്കുള്ളിൽ വർണ്ണങ്ങൾ ചാലിച്ച
പൂക്കളിൽ സൗന്ദര്യ മത്സരമായ്
ഒരു കോണിൽ റോസയും പിച്ചിയും മുല്ലയും
മറു കോണിൽ മന്ദാരം ചെമ്പരത്തി
സൂര്യന്റെ വരവൊന്നു കാണാൻ കഴിയാതെ
നാലുമണിച്ചെടി കേഴുന്നുവോ
പൂക്കൾ തൻ തേനിന്റെ മാധുര്യം നുകരുവാൻ
തേനീച്ചക്കൂട്ടങ്ങൾ പാറിയെത്തും
ശലഭങ്ങൾ തങ്ങൾതൻ കുഞ്ഞിച്ചിറകുകൾ
വാനിലുയർത്തി പറന്നകന്നു
ഭൂമിതൻ കാതുകളിൽ കേൾക്കുന്ന ഗാനങ്ങൾ
പണ്ടത്തെ ജനതതൻ കാലൊച്ചകൾ
ഇനിയെന്തു ഫലമിതു യാഥാർത്ഥ്യമാകുന്ന
കാലം കഴിഞ്ഞിട്ടു വർഷങ്ങളായ്
ഇന്നത്തെ ജീവിതം പറയാതിരിക്കാൻ
കഴിയുന്നില്ല അത്ര കേമമല്ലേ
രീതികൾ മാറുന്നു വേദികൾ തിരിയുന്നു
മരണം ഇതനെക്കാളെത്ര ഭേദം
ഇന്നത്തെ തലമുറ വിസ്മരിച്ചൂട
പൂർവ്വികർ ജീവിച്ച സാഹചര്യം
കാരണം നമ്മൾ നയിക്കുന്ന ജീവിതം



**പൂർവ്വികർ നൽകിയൊരു ഭിക്ഷയാണ്.**

## ശ്വാനന്റെ വികൃതികൾ

മൃഗദംശകൻ നാട്ടുവാണിട്ടും കാലം

നരഭോജി എന്നപര നാമവും പേറി
കേലയൊലിക്കുന്ന നാവിതു നീട്ടി
മൗനത്തിൽ ക്രൂരത ചാലിച്ച മനവുമായ്
പച്ചയാം മാംസം കടിച്ചു കീറുമ്പോൾ
പരതുന്ന മാനുഷർ ജീവനായി
കൈകൾ ഉയർത്തി തടയുവാനായ് പോലും
കഴിയാത്ത ജീവിതം നിഷ്ഫലമോ
തെരുവോരമിന്നൊരു മൂകസാക്ഷി
ചോരയൊലിക്കുന്ന യുദ്ധക്കളം
കാവൽ കിടന്നവൻ കാലനായ് മാറുന്നു
കാലചക്രത്തിന്റെ സാരഥിയാകുന്നു

എങ്കിലും വീട്ടുപടിക്കലിൽ കാവലായ്
സർവ്വം സഹിച്ചവൻ ബന്ധിയാകേ
ഗതികെട്ടുവെന്നാൽ നായയെന്നുണ്ടോ
സത്യം വിദൂരത്തു പതിയിരിക്കേ

മൃഗസ്നേഹികൾ എന്നു നാമധേയം അവർ
കാട്ടുന്നതൊക്കെയും നന്മയെന്നോ
നായ് പിടിത്തത്തിനായ് നാട്ടിലിറങ്ങിയ
മാനുഷർ നീചനോ രക്ഷകനോ

നായ്ക്കൾ തൻ അക്രമം ഒരു നാണയത്തിന്റെ
ഇരുധ്രുവമെന്നെ പറയ്കയുള്ളൂ
നന്മയോ തിന്മയോ മാനുഷ ജീവന്റെ
ചിന്തകളെന്നും സുദീർഘമല്ലേ

ശരിയെന്തുതെറ്റെന്തതെന്തെന്നറിയുന്ന
മാനുഷാ ചിന്തതൻ കെട്ടഴിക്കൂ
യുക്തിപൂർവ്വം അതിന്നുത്തരം കണ്ടെത്തു
നായ്ക്കൾ തൻ അക്രമം എന്തുകൊണ്ടോ ?

## വികൃതമാം കേരളമുഖം

കേരവൃക്ഷങ്ങൾക്കു പേരുകേട്ട
കേരളം ഇന്നർത്ഥശൂന്യമായോ
പണ്ട് മഹാബലി വാണിടും കാലമീ
മണ്ണിൻ ഹൃദയവും സത്യമല്ലേ
നന്മവിളഞ്ഞു വിളങ്ങിടുന്നു സദാ
വിശ്വാസവും വിളയാടിടുന്നു

ഭയമിന്നു കൂടെപ്പിറപ്പാകവേ
പ്രജകൾ തൻ ക്ഷേമം തപശ്ചര്യയാക്കിയ
മഹാബലിത്തമ്പുരാൻ സത്യശാലി
കാര്യവും മാറി കഥാതന്തുവും
സമൂഹത്തിൽ മുഖമോ വികൃതമല്ലേ
ബന്ധുക്കൾ ശത്രുക്കളാരുമില്ല
താനെന്ന ചിന്ത നിഴലിക്കവേ

ജീവനു വിലയില്ലാ കാലഘട്ടം ഇത്
സ്ത്രീയും ഭയക്കും പ്രഭാതമല്ലേ
നൊന്തും പരസ്പരം നോവിച്ചുമീ പുതു
മാനുഷർ സംസ്കാരം വിസ്മരിച്ചോ
സത്യവും ധർമ്മവും അന്തരിച്ചോ
നീതിയും ന്യായവും അസ്തമിച്ചോ
ജനക്ഷേമമിന്നു അപൂർണ്ണമാകെ
ഭയമിന്നു കൂടെപ്പിറപ്പാകവേ
മൗനമായ് പതിയിട്ടിരുന്നൊരാ നായ്ക്കളും
ആക്രമണം കാത്തിരിപ്പതെന്തേ
കേരളം പുതുമുഖം നേടിയില്ലേ
അതിന്നു അതെന്നും വികൃതമല്ലേ

# LIST OF IMPORTANT NATIONAL AND INTERNATIONAL DAYS AND DATES

| MONTH AND DAY | | IMPORTANCE |
|---|---|---|
| January 12 | National Youth day | National Youth day |
| January 25 | | National Voter’s day |
| January 26 | | Republic day |
| February 4 | | World Cancer day |
| February 28 | | National Science day |
| March 22 | | World Water day |
| April 7 | | World health day |
| April 22 | | World Earth day |
| May 5 | | World red cross day |
| June 5 | | World environmental day |

| | |
|---|---|
| June 26 | International day against drug abusement day |
| July 11 | World population day |
| August 6 | Hiroshima day |
| August 29 | National sport's day |
| September 5 | Teacher's day |
| October 2 | Gandhi Jayanthi |
| October 24 | U N day |
| November 14 | Children's day |
| December 22 | National Mathematics day |
| December 22 | Farmer's day |

# അബ്ദുൽകലാം

കലാം വന്നങ്ങു ചിറകിലേറ്റി
കലാം എന്ന മഹാനെ
അഗ്നിയും മിസൈൽമാനുമായിരുന്നിട്ടും
കാലങ്ങളോളം
ഈ ഭാരതത്തിൽ സമർപ്പണമെന്നത്
കലാമിന്റെ
അർപ്പണമായ് കണക്കാക്കുന്നു
വിമാനത്തെ പ്രണയിച്ച
നാളത്തെ ഇന്ത്യയെ നെഞ്ചിലേറ്റി
ബാല്യം പറന്നുയർന്ന പ്രതിഭയാം കലാം
ഞാൻ സംതൃപ്തനാണെന്നു മാത്രം

Written By,
AJIN
RASSAL R.S

# ഭരണഘടനാദിനം

30yyyttttt



# MOCK PARLIAMENT



# ചാന്ദ്രദിനം

ജൂലായ് 21ന് ചാന്ദ്രദിനം വളരെ വിപുലമായി ആഘോഷിച്ചു.സ്കൂൾ മുറ്റത്ത് 16 അടി പൊക്കത്തിൽ PSLV മാതൃക നിർമ്മിച്ചു.കൂടാതെ കുട്ടികൾ റോക്കറ്റ് മാതൃകകൾ നിർമ്മിച്ചുവരികയും അവ പ്രദർശിപ്പിക്കുകയും ചെയ്തു



# ഹിരോഷിമ ദിനം



# JRC IN OUR SCHOOL – Sub District one day camp



# SCOUTS AND GUIDES



# FILM CLUB - CELLULOID PROJECT










# സ്വാതന്ത്ര്യദിനം




# LSS WINNER



# മാതൃശാക്തീകരണ പദ്ധതി

# ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ





# വിദ്യാലയം പ്രതിഭകൾക്കൊപ്പം



സാഹിത്യം-ശ്രീ.കീഴാറ്റൂർ സുകു



# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



little KITEs

little KITEs

little KITEs

little KITEs

little KITEs